# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4853 — 27.10.2016 ൽ മറുപടിയ്ക്ക്

## ആദായകരമല്ലാത്ത എയ്ഡഡ്/സർക്കാർ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ശശി | | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ 2015-16 കാലയളവിൽ നടന്ന പരിശോധനകളിൽ ആദായകരമല്ലാതെ കണ്ടെത്തിയ സ്കൂളുകൾ, 10 കുട്ടികൾ പോലുമില്ലാത്തവ, അറുപതിൽ താഴെ മാത്രം കുട്ടികളുള്ളവ, ആദായകരമല്ലാത്തവയിൽ എയ്ഡഡ്/സർക്കാർ സ്കൂളുകൾ, ഒരു കുട്ടി പോലുമില്ലാതെ പൂട്ടിയ സർക്കാർ/എയ്ഡഡ് എന്നിങ്ങനെ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | i) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ 2015-16 കാലയളവിൽ കണ്ടെത്തിയ ആദായകരമല്ലാത്ത സ്കൂളുകളുടെ എണ്ണം - 5,715.<br>ii) 10 കുട്ടികൾ പോലുമില്ലാത്ത സർക്കാർ സ്കൂളുകളുടെ എണ്ണം - 144<br>iii) 60-ൽ താഴെ മാത്രം കുട്ടികൾ ഉള്ള സ്കൂളുകൾ - 3,417.<br>iv) ആദായകരമല്ലാത്ത സർക്കാർ സ്കൂളുകൾ - 2,606.<br>v) ആദായകരമല്ലാത്ത എയ്ഡഡ് സ്കൂളുകൾ - 3,109.<br>vi) ഒരു കുട്ടിപോലും ഇല്ലാത്ത സ്കൂളുകളുടെ എണ്ണം - 6. (ഇവയിൽ ഒന്നും അടച്ചുപൂട്ടിയിട്ടില്ല.) |
| (ബി) | ഇത്തരത്തിൽ സ്കൂളുകൾ അടച്ചുപൂട്ടേണ്ട അവസ്ഥയുണ്ടാവാനുള്ള കാരണം വകുപ്പ് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. പ്രൈവറ്റ് ഇംഗ്ലീഷ് മീഡിയം, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾ മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നുവെന്ന ധാരണ പൊതു സമൂഹത്തിൽ പരക്കാനിടയായതും, പൊതു വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങളുടെ പരിമിതികളും പൊതു വിദ്യാഭ്യാസ മേഖലയിൽ ഉയർന്നു വരാറുള്ള അനാവശ്യ വിവാദങ്ങളും കുട്ടികൾ കുറയുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചെടുത്തുവെന്ന് വിലയിരുത്തപ്പെടുന്നു. |

(സി) ഇത്തരത്തിൽ കണ്ടെത്തിയ സ്കൂളുകളുടെ പഠന നിലവാരം ഉറപ്പുവരുത്തി കൂടുതൽ കുട്ടികളെ എത്തിച്ച് സ്കൂളുകൾ നിലനിർത്താൻ നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) കുട്ടികൾ കുറഞ്ഞുവരുന്ന സ്കൂളുകളെ കണ്ടെത്തി ആർ.എം; എസ്.എ., എസ്.എസ്.എ. വഴി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയും അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയും വരുന്നു. കൂടാതെ 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ക്ലാസ്സ് റൂമുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു.

(ഡി) പ്രസ്തുത സ്കൂളുകളിലായി അദ്ധ്യാപകർ ഉൾപ്പെടെ എത്ര ജീവനക്കാർ (സർക്കാർ/ എയ്ഡഡ്) ഉണ്ടായിരുന്നു എന്നും അവരുടെ തൊഴിൽ സംരക്ഷിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

(ഡി) പ്രസ്തുത സ്കൂളുകളിലായി അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം

ഗവൺമെന്റ് - 17,365
എയ്ഡഡ് - 17,122

പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽ സംരക്ഷണത്തിന് നിലവിൽ ഭീഷണിയൊന്നും ഇല്ല.

സെക്ഷൻ ഓഫീസർ